# ഹയർസെക്കൻഡറി ഏകജാലകം:

## അപേക്ഷകർ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

പ്ലസ് വൺ ക്ലാസ്സുകളിലേക്ക് ഏകജാലകരീതിയിൽ പ്രവേശനം നടത്തുന്നത് ഇത് **എട്ടാം** വർഷമാണ്. പ്രവേശനപ്രക്രിയ അങ്ങേയറ്റം സുതാര്യവും ലളിതവുമാക്കുകയും അർഹരായ മുഴുവൻ വിദ്യാർത്ഥികൾക്കും സാമൂഹികനീതി ഉറപ്പുവരുത്തിക്കൊണ്ട് പ്രവേശനം നൽകുകയും ചെയ്തത് ഈ സംവിധാനത്തിന്റെ പ്രധാന നേട്ടമാണ്. മികച്ച ഇ-ഗവേണൻസ് സംവിധാനത്തിനുള്ള രണ്ടു ദേശീയ **അവാർഡുകളും** ഒരു **സംസ്ഥാന അവാർഡും** ഈ പുതിയ പ്രവേശനരീതിക്ക് ലഭിച്ചു. ഹയർസെക്കൻഡറി ഏകജാലകം സംബന്ധിച്ച് അപേക്ഷകരായ വിദ്യാർത്ഥികൾ അറിഞ്ഞിരിക്കേണ്ട പ്രധാനവസ്തുതകളാണ് ഇവിടെ പ്രതിപാദിക്കുന്നത്.

ബാച്ചൊന്നിന് 60 സീറ്റുകളെന്ന ക്രമത്തിൽ പ്ലസ്‌വൺ പഠനത്തിനായി ആകെ 4,22,853 സീറ്റുകൾ ലഭ്യമുണ്ട്.( സർക്കാർ മേഖലയിൽ 169140 സീറ്റുകളും എയ്ഡഡ് മേഖലയിൽ 198120 സീറ്റുകളും അൺ-എയ്ഡഡ്/സ്പെഷ്യൽ/റെസിഡെൻഷ്യൽ/ടെക്നിക്കൽ മേഖലകളിൽ 55593 സീറ്റുകളും ആണുള്ളത്.). സയൻസ് ഗ്രൂപ്പിൽ 9 സബ്ജക്ട് കോമ്പിനേഷനുകളും ,ഹ്യുമാനിറ്റീസ് ഗ്രൂപ്പിൽ 32 സബ്ജക്ട് കോമ്പിനേഷനുകളും കോമെഴ്സ് ഗ്രൂപ്പിൽ 4 സബ്ജക്ട് കോമ്പിനേഷനുകളും ആണ് പ്ലസ്‌വൺ പഠനത്തിന് ലഭ്യമായിട്ടുള്ളത്.

അപേക്ഷകർക്ക് സ്വന്തമായോ ,അല്ലെങ്കിൽ പത്താം തരം പഠിച്ചിരുന്ന ഹൈസ്കൂളിലെ കമ്പ്യൂട്ടർ ലാബ് സൗകര്യവും അദ്ധ്യാപകരുടെ സഹായവും അതുപോലെ തന്നെ ആ പ്രദേശത്തെ ഗവണ്മെൻറ്/എയ്ഡഡ് ഹയർസെക്കണ്ടറി സ്കൂളുകളിലെ കമ്പ്യൂട്ടർ ലാബ് സൗകര്യവും അദ്ധ്യാപകരുടെ സഹായവും പ്രയോജനപ്പെടുത്തി പ്ലസ് വൺ പ്രവേശനത്തിനുള്ള അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കാവുന്നതാണ്. യാതൊരു കാരണവശാലും ഒരു റവന്യൂ ജില്ലയിലേയ്ക്ക് ഒരു വിദ്യാർഥി ഒന്നിൽ കൂടുതൽ അപേക്ഷകൾ മെരിറ്റ് സീറ്റിലേയ്ക്ക് സമർപ്പിക്കുവാൻ പാടില്ല. ഒന്നിലധികം റവന്യൂ ജില്ലകളിലെ ഹയർ സെക്കണ്ടറി സ്കൂളുകളിൽ പ്രവേശനം തേടുന്നവർ ഓരോ ജില്ലയിലേയ്ക്കും പ്രത്യേകം പ്രത്യേകം അപേക്ഷ നൽകേണ്ടതാണ്. അപേക്ഷകൾ ഓൺ ലൈനായി സമർപ്പിച്ച ശേഷം അപേക്ഷയുടെ പ്രിൻറൗട്ടിൻെറ കോപ്പിയിൽ നിർദ്ദിഷ്ട സ്ഥാനത്ത് വിദ്യാർഥിയും രക്ഷകർത്താവും ഒപ്പ് വച്ച് സ്വയം സാക്ഷ്യപ്പെടുത്തിയ അനുബന്ധ രേഖകളും സഹിതം ബന്ധപ്പെട്ട ജില്ലയിലെ ഏതെങ്കിലും ഒരു ഗവണ്മെൻറ്/എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂൾ പ്രിൻസിപ്പളിന് യഥാസമയം സമർപ്പിക്കേണ്ടതാണ്. വേരിഫിക്കേഷനായി സമർപ്പിക്കുന്ന സമയത്തു അപേക്ഷയുടെ ഫീസായ 25 രൂപ അടക്കേണ്ടതാണ്.

### ഓൺലൈൻ അപേക്ഷാ സമർപ്പണം എങ്ങനെ ?

2018 മേയ് 9 മുതൽ 18 വരെ ഓൺലൈനായി അപേക്ഷ സമർപ്പിക്കാൻ സമയമു ള്ളതിനാൽ ആദ്യ ദിനങ്ങളിൽ തിരക്കുകൂട്ടി അപേക്ഷയിൽ പിഴവുകൾ വരുത്താതിരിക്കാൻ ശ്രദ്ധിക്കണം.

ഏകജാലക പ്രവേശന സംവിധാനത്തിനായുള്ള വെബ്ബ്പോർട്ടൽ അഡ്രസ് www.hscap.kerala.gov.in എന്നതാണ്. ഹോം പേജിലെ 'PUBLIC' ടാബിനു താഴെയുള്ള 'APPLY ONLINE-SWS' ലിങ്കിൽ ക്ലിക്ക് ചെയ്യുക. ലോഗിൻ പേജിൽ അപേക്ഷ സമർപ്പിക്കാൻ ഉദ്ദേശിക്കുന്ന ജില്ല, യോഗ്യതാ പരീക്ഷയുടെ സ്കീം, രജിസ്റ്റർ നമ്പർ,മാസം ,വർഷം,ജനനതീയതി എന്നിവ നൽകിയ ശേഷം 'Mode of Fee Payment' സെലക്ട് ചെയ്യണം. അപേക്ഷാഫീസ് രണ്ടുവിധത്തിൽ അടക്കാവുന്നതാണ്. ഓൺലൈനായി സമർപ്പിക്കുന്ന അപേക്ഷയുടെ പ്രിൻറൗട്ടും അനുബന്ധരേഖകളും അപേക്ഷിക്കുന്ന ജില്ലയിൽ ഏതെങ്കിലും സർക്കാർ/എയിഡഡ് ഹയർസെക്കണ്ടറി സ്കൂളിൽ സമർപ്പിക്കുവാൻ കഴിയുമെങ്കിൽ അപേക്ഷ ഫീസ് നേരിട്ട് ആ സ്കൂളിൽ അടച്ചാൽ മതിയാകും( Cash Paid to School). അപേക്ഷിക്കുന്ന ജില്ലയിൽ നേരിട്ട് അപേക്ഷയുടെ പ്രിൻറൗട്ട് സമർപ്പിക്കുവാൻ കഴിയാത്തവർ മാത്രം DD മുഖാന്തിരം ( By Demand Draft )അപേക്ഷ ഫീസ് അടച്ചതിനുശേഷം മാത്രം അപേക്ഷ ഓൺലൈനായി സമർപ്പിക്കുവാൻ ആരംഭിക്കണം. അപേക്ഷാ ഫീസടക്കുന്ന രീതിയും നൽകി ലോഗിൻ ബട്ടൺ ക്ലിക്കു ചെയ്താൽ ഓൺലൈൻ അപേക്ഷയുടെ ആദ്യഭാഗം ദൃശ്യമാകും. ഇവിടെ അപേക്ഷാർത്ഥിയുടെ പൊതുവിവരങ്ങളാണ് നൽകേണ്ടത്.

അപേക്ഷകന്റെ ജാതി, കാറ്റഗറി, താമസിക്കുന്ന പഞ്ചായത്ത്, താലൂക്ക്, എൻ.സി.സി.യിലെ പ്രാതിനിധ്യം, സ്കൗട്ടിൽ നേടിയ പുരസ്കാരങ്ങൾ, നീന്തൽ അറിവ്, ജവാന്റെ ആശ്രിതനായിരിക്കുക, പത്താം ക്ലാസ്സിൽ പഠിച്ച സ്കൂൾ എന്നീ വിവരങ്ങളും. ഇവയെല്ലാം ബോണസ് പോയിന്റുകൾ ലഭിക്കുമെന്നത്കൊണ്ട് ഇത്തരം വിവരങ്ങൾ ശരിയായിതന്നെ രേഖപ്പെടുത്തണം. അപേക്ഷയിൽ തെറ്റായ വിവരങ്ങൾ രേഖപ്പെടുത്തി അലോട്ട്മെന്റ് ലഭിച്ചാൽ പ്രവേശനം ലഭിക്കില്ല. അതുകൊണ്ട്, ഈ വിവരങ്ങൾ നന്നായി ഉറപ്പുവരുത്തിയതിന്ശേഷം മാത്രം രേഖപ്പെടുത്തുക. SSLC –ൽ ജനറൽ , ഓ.ബി.സി., ഓ.ഇ.സി., പട്ടികജാതി , പട്ടിക വർഗ്ഗം എന്നിങ്ങനെ 5 കാറ്റഗറികൾ മാത്രമാണുള്ളത്. എന്നാൽ ഹയർസെക്കണ്ടറി പ്രവേശനത്തിന് ജനറൽ, ഈഴവതീയ്യബില്ലവ, മുസ്ലീം , LC/SIUC/Anglo Indian ,ഓ.ബി.സി ക്രിസ്ത്യൻ , ഓ.ബി.സി. ഹിന്ദു ,പട്ടികജാതി , പട്ടിക വർഗ്ഗം,ധീവര, വിശ്വകർമ,കുശവൻ,കുടുംബി എന്നിങ്ങനെ 12 കാറ്റഗറികൾ ഉണ്ട്. SSLC യിലെ ജാതിവിവരങ്ങൾ അനുബന്ധം 2 ആയി ഒത്ത് നോക്കി ഉറപ്പ് വരുത്തിയശേഷം ജാതി, കാറ്റഗറി രേഖപ്പെടുത്തണം.

പൊതുവിവരങ്ങൾ സബ്മിറ്റ് ചെയ്താൽ ഗ്രേഡ്പോയിൻറ് രേഖപ്പെടുത്തുവാനുള്ള പേജ് ദൃശ്യമാകും. ഗ്രേഡ്പോയിൻറും നൽകി കഴിഞ്ഞാൽ അപേക്ഷയിലെ ഏറ്റവും പ്രധാന ഘട്ടമായ ഓപ്ഷൻ നൽകുന്ന പേജിൽ എത്തിച്ചേരുന്നതാണ്.

വിദ്യാർത്ഥി പഠിക്കാനാഗ്രഹിക്കുന്ന ഒരു സ്കൂളും ആ സ്കൂളിലെ ഒരു വിഷയ കോംബിനേഷനും ചേരുന്നതാണ് ഒരു ഓപ്ഷൻ. അപേക്ഷകൻ/അപേക്ഷക പഠിക്കാൻ ഏറ്റവും ഇഷ്ടപ്പെടുന്ന സ്കൂളും കോംബിനേഷനും ആദ്യ ഓപ്ഷനായി നൽകണം. ആദ്യ ഓപ്ഷൻ ലഭിച്ചില്ലെങ്കിൽ പിന്നീട് പരിഗണിക്കേണ്ട സ്കൂളും കോംബിനേഷനും രണ്ടാമത്തെ ഓപ്ഷനായി നൽകണം. ഇങ്ങനെ കൂടുതൽ ഇഷ്ടപ്പെടുന്ന ഓപ്ഷനുകൾ ആദ്യമാദ്യം വരുന്ന രീതിയിൽ ക്രമീകരിക്കണം. അപേക്ഷകന് യാത്രാസൗകര്യവും പഠിക്കാൻ താല്പര്യവുമുള്ള സ്കൂളുകൾ മാത്രമെ തെരഞ്ഞെടുക്കാവൂ. ഓപ്ഷനുകൾ നൽകുമ്പോൾ അപേക്ഷകന്റെ മാർക്കിനും ഗ്രേഡ് പോയിന്റിനുമനുസരിച്ച് ലഭിക്കാൻ സാധ്യതയുള്ള സ്കൂളുകളും കോംബിനേഷനുകളും തെരഞ്ഞെടുത്താൽ ആദ്യ അലോട്ട്മെന്റുകളിൽതന്നെ പ്രവേശനം ലഭിക്കും. പ്രവേശനസാധ്യത മനസ്സിലാക്കുന്നതിന് അപേക്ഷകരെ

സഹായിക്കുന്നതിനായി കഴിഞ്ഞവർഷത്തെ അവസാന റാങ്ക് വിവരങ്ങൾ വെബ്സൈറ്റിൽ(www.hscap.kerala.gov.in) പ്രസിദ്ധീകരിച്ചിട്ടുണ്ട്. പഠിക്കാനുദ്ദേശിക്കുന്ന സ്കൂളുകളിലെ കഴിഞ്ഞവർഷത്തെ അവസാന റാങ്ക് വിവരങ്ങൾ പരിശോധിച്ച് സാധ്യത മനസ്സിലാക്കി ഓപ്ഷൻ കൊടുക്കുന്നതാണ് ഉചിതം.

ആവശ്യമുള്ളത്ര ഓപ്ഷനുകൾ നൽകി കഴിഞ്ഞ് സബ്മിറ്റ് ചെയ്യുമ്പോൾ അപേക്ഷയുടെ മൊത്തം വിവരങ്ങൾ പരിശോധനക്ക് ലഭ്യമാകുകയും ആവശ്യമെങ്കിൽ തിരുത്തലുക്കൾ വരുത്തി ഫൈനൽ കൺഫർമേഷൻ നടത്തി ഓൺലൈൻ അപേക്ഷാ സമർപ്പണം പൂർത്തിയാക്കണം. അപേക്ഷാ വിവരങ്ങൾ അന്തിമമായി സമർപ്പിച്ചു കഴിഞ്ഞ ശേഷം വിദ്യാർത്ഥിയും രക്ഷകർത്താവും ഒപ്പു വെച്ച അപേക്ഷയുടെ പ്രിൻറ് ഔട്ടിൻെറ കോപ്പിയും അനുബന്ധ രേഖകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും താഴെ പ്രതിപാദിക്കും പ്രകാരം വെരിഫിക്കേഷനായി സമർപ്പിക്കേണ്ടതാണ്.

DEMAND DRAFT ആയി ഫീസ് അടച്ച് ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നവർ വെരിഫിക്കേഷനായി **"അനുബന്ധം 7 "**ൽ നിർദ്ദേശിച്ചിരിക്കുന്ന സ്ക്കൂൾ പ്രിൻസിപ്പാളിന് അപേക്ഷയും സ്വയം സാക്ഷ്യപ്പെടുത്തിയ അനുബന്ധ രേഖകളും അപേക്ഷാ ഫീസായ 25 രൂപയുടെ"DEMAND DRAFT" ഉം അയച്ചു കൊടുക്കേണ്ടതാണ്. എന്നാൽ Cash Paid to School എന്ന Mode of Fee Payment' ലൂടെ ഓൺലൈനായി അപേക്ഷിച്ചവർ ജില്ലയിലെ ഏതെങ്കിലും ഒരു സർക്കാർ/എയ്ഡഡ് ഹയർ സെക്കൻററി സ്കൂളിൽ അപേക്ഷയുടെ പ്രിൻറ് ഔട്ടിൻെറ കോപ്പിയും അനുബന്ധ രേഖകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും വെരിഫിക്കേഷനായി സമർപ്പിക്കുന്ന സമയത്തു അപേക്ഷയുടെ ഫീസായ 25 രൂപ അ ടക്കേണ്ടതാണ്. ഓൺലൈനായി സമർപ്പിച്ച അപേക്ഷകൾ സ്കൂളുകളിൽ നിന്നും വെരിഫിക്കേഷൻ നടത്തിയാൽ മാത്രമേ അലോട്ട്മെൻറിനായി പരിഗണിക്കുകയുള്ളു.

അപേക്ഷയുടെ പ്രിൻറൗട്ട് സ്കൂളിൽ നൽകിയാൽ സ്കൂൾ പ്രിൻസിപ്പൽ അക്നോളജ്മെന്റ് സ്ലിപ്പ് ഒപ്പിട്ട് സ്കൂൾ സീൽ പതിപ്പിച്ച് തിരികെ നൽകും. അപേക്ഷാനമ്പർ രേഖപ്പെടുത്തിയിട്ടുള്ള ഈ സ്ലിപ്പ് വിദ്യാർത്ഥി സ്ഥിരപ്രവേശനം നേടുന്നത് വരെ സൂക്ഷിക്കണം.

### അപേക്ഷയുടെ സംശുദ്ധി പരിശോധന എങ്ങനെ?

അപേക്ഷയിലെ വിവരങ്ങൾ വെബ് സൈറ്റ് മുഖേന പരിശോധിക്കാൻ അപേക്ഷകർക്ക് അവസരം ലഭിക്കും. ഹയർ സെക്കണ്ടറി ഡയറക്ടറേറ്റിൻെറ അഡ്മിഷൻ പോർട്ടലായ www.hscap.kerala.gov.in സന്ദർശിച്ച് അപേക്ഷ കാണുന്നതിനുള്ള "view your application"എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് അപേക്ഷാ നമ്പരും ജനന തീയതിയും ടൈപ്പ് ചെയ്ത് സബ്മിറ്റ് ചെയ്താൽ വിദ്യാർഥിയുടെ അപേക്ഷാ വിവരങ്ങൾ കാണാം.

അപേക്ഷകൾ രജിസ്റ്റർ ചെയ്യുന്നത് മുതൽ അപേക്ഷാ വിവരങ്ങൾ പരിശോധിക്കാം. അപേക്ഷകൾ സ്കൂളിൽ ലഭിക്കുന്ന മുറയ്ക്ക് സ്കൂൾ അധികൃതർ വെരിഫിക്കേഷൻ ചെയ്യും. എല്ലാ അപേക്ഷകരും നിർബന്ധമായും വെബ് സൈറ്റിലെ അപേക്ഷാ വിവരങ്ങൾ സ്വയമോ മറ്റുള്ളവരുടെ സഹായത്തോടെയോ പരിശോധിക്കണം. തിരുത്തലുകൾ ആവശ്യമുണ്ടെങ്കിൽ അപേഷകൾ നൽകിയ സ്കൂളിലെ പ്രിൻസിപ്പലിനെ നിശ്ചിത

സമയത്തിനുള്ളിൽ രേഖാമൂലം അറിയിക്കേണ്ടതും തുടർന്ന് ആവശ്യമായ തിരുത്തലുകൾ വരുത്തി എന്ന് ഉറപ്പാക്കേണ്ടതുമാണ്.

**ശരിയായ അലോട്ട്മെന്റുകൾ ആരംഭിക്കുന്നതിന് മുമ്പ് ഒരു ട്രയൽഅലോട്ട്മെന്റ് ഉണ്ടായിരിക്കും. ട്രയൽ അലോട്ട്മെന്റ് എല്ലാ അപേക്ഷകരും പരിശോധിക്കണം. തെറ്റുകൾ തിരുത്തുവാനും ഓപ്ഷനുകൾ മാറ്റാനും ഈ ഘട്ടത്തിലും സാധിക്കും. തെറ്റുകൾ തിരുത്താനുള്ള അവസാന അവസരമായിരിക്കുമിത്.** തെറ്റായി വിവരങ്ങൾ നൽകി ലഭിക്കുന്ന അലോട്ട്മെൻറ് റദ്ദ് ചെയ്യുകയും അങ്ങനെയുള്ള അപേക്ഷകരുടെ പ്രവേശന സാധ്യത ഇല്ലാതാകുകയും ചെയ്യുന്നതാണ്. അതിനാൽ അപേക്ഷാ വിവരങ്ങളുടെ കൃത്യത ഉറപ്പ് വരുത്തേണ്ടത് അപേക്ഷകരുടെ സ്വന്തം ഉത്തരവാദിത്തമാണ്.

## അലോട്ട്മെൻറ് പ്രക്രിയ

രണ്ട് അലോട്ട്മെൻറുകൾ അടങ്ങുന്ന മുഖ്യ അലോട്ട്മെൻറ് പ്രക്രിയയ്ക്ക് ശേഷം ഒഴിവുള്ള സീറ്റുകളിലേയ്ക്ക് സപ്ലിമെൻററി അലോട്ട്മെൻറുകൾ നടത്തും.മുഖ്യ അലോട്ട്മെൻറ് പ്രക്രിയ അവസ്സാനിക്കുന്നതോടെ താൽക്കാലിക പ്രവേശനത്തിൽ തുടരുന്ന വിദ്യാർഥികൾ പ്രവേശനം നിർബന്ധമായി സ്ഥിരപ്പെടുത്തണം. എന്നാൽ മുഖ്യ അലോട്ട്മെൻറ് പ്രക്രിയ അവസ്സാനിച്ചിട്ടും കൂടുതൽ ഇഷ്ടപ്പെട്ട സ്കൂളും, കോംബിനേഷനും ലഭിക്കാത്തവർക്ക് സ്കൂൾ മാറ്റത്തിനോ സ്കൂളിനുള്ളിൽ തന്നെ കോംബിനേഷൻ മാറ്റത്തിനോ അപേക്ഷിക്കാം.

മുഖ്യ അലോട്ട്മെൻറുകളിൽ പ്രവേശനം ലഭിച്ച വിദ്യാർഥികൾക്ക് സ്കൂൾ/കോംബിനേഷൻ മാറ്റങ്ങൾ അനുവദിച്ച ശേഷം മാത്രമായിരിക്കും സപ്ലിമെൻററി അലോട്ട്മെൻറുകൾ നടത്തുക. സപ്ലിമെൻററി അലോട്ട്മെൻറിന് അപേക്ഷ ക്ഷണിക്കുന്നതിന് മുൻപ് ഒഴിവുള്ള സീറ്റുകളുടെ വിവരങ്ങൾ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്. അപേക്ഷ നൽകിയിട്ടും മുഖ്യ അലോട്ട്മെൻറുകളിലൊന്നിലും ഇടം നേടാൻ കഴിയാത്തവർ സപ്ലിമെൻററി അലോട്ട്മെൻറുകളിലേയ്ക്ക് പരിഗണിക്കപ്പെടുന്നതിനായി നിലവിലുള്ള അപേക്ഷ പുതുക്കണം. അപേക്ഷ പുതുക്കുന്നതോടൊപ്പം നിലവിലുള്ള ഒഴിവുകളുടെ അടിസ്ഥാനത്തിൽ ഓപ്ഷനുകൾ പുതുക്കി നൽകണം. സപ്ലിമെൻററി അലോട്ട്മെൻറിനായി പ്രസിദ്ധീകരിക്കുന്ന ഒഴിവുള്ള സ്കൂൾ / കോമ്പിനേഷനുകൾ മാത്രമേ ഓപ്ഷനുകളായി തിരഞ്ഞെടുക്കുവാൻ കഴിയുകയുള്ളു.

ഒന്നാം അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചാൽ അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾക്ക് പ്രവേശനം നേടാം. ഡയറക്ടറേറ്റിൽ നിന്നും അറിയിക്കുന്ന സമയ പരിധിക്കുള്ളിൽ വിദ്യാർത്ഥി പ്രവേശനം നേടണം. അല്ലാത്തപക്ഷം അലോട്ട്മെന്റ് ക്യാൻസലാവും. ഇങ്ങനെ ക്യാൻസലാവുന്ന അലോട്ട്മെന്റുകൾക്ക് പിന്നീട് പരിഗണനയുണ്ടായിരിക്കുന്നതല്ല. ഉയർന്ന ഓപ്ഷനുകൾ നിലനിർത്താൻ ആഗ്രഹിക്കുന്നവർ താല്ക്കാലിക പ്രവേശനം നേടിയാൽ മതി. തെരഞ്ഞെടുത്ത ഉയർന്ന ഓപ്ഷനുകൾ മാത്രമായി റദ്ദാക്കാനുള്ള സൗകര്യവും **ഉണ്ട് .** താല്ക്കാലിക പ്രവേശനം നേടുന്നവർ അടുത്ത അലോട്ട്മെന്റുകളിൽ ഹയർ ഓപ്ഷൻ ലഭിച്ചാൽ പുതിയ അലോട്ട്മെന്റിലേക്ക് നിർബന്ധമായി മാറണം.

സ്പോർട്ട്സ് ക്വാട്ടയിലെ പ്രവേശനം

സ്പോർട്ട്സ് ക്വാട്ട അഡ്മിഷൻ സുതാര്യവും കാര്യക്ഷമവുമാക്കുന്നതിനായി സ്പോർട്സ് ക്വാട്ട പ്രവേശനം രണ്ട് ഘട്ടങ്ങൾ ഉൾപ്പെട്ട ഓൺലൈൻ സംവിധാനത്തിലാണ്. ആദ്യ ഘട്ടത്തിൽ സ്പോർട്ട്സിൽ മികവ് നേടിയ വിദ്യാർഥികൾ അവരുടെ സ്പോർട്സ് സർട്ടിഫിക്കറ്റുകൾ അതാത് ജില്ലാ സ്പോർട്ട്സ് കൗൺസിലുകളിൽ ഓൺലൈനായി രജിസ്റ്റർ ചെയ്യേണ്ടതാണ്. ജില്ലാ സ്പോർട്ട്സ് കൗൺസിൽ അധികാരികൾ ഓരോ വിദ്യാർഥിയുടേയും സ്പോർട്സ് സർട്ടിഫിക്കറ്റ് വിവരങ്ങൾ ആയതിലേയ്ക്ക് തയ്യാറാക്കുന്ന പ്രത്യേക ഓൺലൈൻ സംവിധാനത്തിലൂടെ വേരിഫിക്കേഷൻ നടത്തുമ്പോൾ തന്നെ ഒരു സ്കോർ കാർഡ് ഓരോ വിദ്യാർഥിയ്ക്കും ജനറേറ്റ് ചെയ്യപ്പെടും. രണ്ടാം ഘട്ടത്തിൽ പ്ലസ് വൺ അഡ്മിഷന് യോഗ്യത നേടുന്ന വിദ്യാർഥികൾക്ക് സ്പോർട്ട്സ് ക്വാട്ടയിൽ അഡ്മിഷൻ ലഭിക്കുന്നതിനായി അവരുടെ അപേക്ഷ ഓൺലൈനായി സമർപ്പിക്കാവുന്നതാണ്. ടി അപേക്ഷയിൽ വിദ്യാർഥിയ്ക്ക് താൽപര്യമുള്ള സ്കൂൾ/കോഴ്സുകൾ ഓപ്ഷനായി നൽകാവുന്നതാണ്. ഏകജാലക സംവിധാനത്തിന്റെ മുഖ്യ ഘട്ടത്തിലെ അവസ്സാന അലോട്ട്മെൻറിന് മുൻപായി രണ്ട് പ്രത്യേക അലോട്ട്മെൻറുകൾ സ്പോർട്ട്സ് ക്വാട്ട അഡ്മിഷനു വേണ്ടി നടത്തുന്നതാണ്

## മെരിറ്റ്ക്വാട്ട (ഏകജാലക പ്രവേശനം)

**1.മുഖ്യഘട്ടം**

| | | |
|---|---|---|
| അപേക്ഷകൾ വിതരണം ചെയ്ത് തുടങ്ങുന്ന തീയതി | ; | **09/05/2018** |
| അപേക്ഷകൾ സ്വീകരിക്കേണ്ട അവസ്സാന തീയതി | ; | **18/05/2018** |
| ട്രയൽ അലോട്ട്മെൻറ് തീയതി | : | **25/05/2018** |
| ആദ്യ അലോട്ട്മെൻറ് തീയതി | : | **01/06/2018** |
| മുഖ്യ അലോട്ട്മെൻറ് അവസ്സാനിക്കുന്ന തീയതി | : | **12/06/2018** |
| ക്ലാസുകൾ തുടങ്ങുന്ന തീയതി | : | **13/06/2018** |

**2.സപ്ലിമെൻററി ഘട്ടം**

**21/06/2018 മുതൽ 19/07/2018 വരെ**

അഡ്മിഷൻ അവസ്സാനിപ്പിക്കാനുള്ള തീയതി. : **19/07/2018**

## സ്പോർട്ട്സ് ക്വാട്ട അഡ്മിഷൻ

**1.മുഖ്യഘട്ടം**

സ്പോർട്സ് മികവ് രജിസ്ട്രഷനും വെരിഫിക്കേഷനും :**11/05/2018 മുതൽ 25/05/2018 വരെ**

| | | |
|---|---|---|
| ഓൺ ലൈൻ രജിസ്ട്രേഷൻ ആരംഭിക്കേണ്ട തീയതി | : | **26/05/2018** |
| അപേക്ഷ സമർപ്പിക്കേണ്ട അവസ്സാന തീയതി | : | **29/05/2018** |
| സ്പോർട്ട്സ് ക്വാട്ടമുഖ്യഘട്ട ഒന്നാം അലോട്ട്മെൻറ് തീയതി | : | **01/062018** |
| സ്പോർട്ട്സ് ക്വാട്ടമുഖ്യഘട്ടഅവസ്സാനഅലോട്ട്മെൻറ്തീയതി | : | **11/06/2018** |

**2.സപ്ലിമെൻററി ഘട്ടം**

സ്പോർട്സ് മികവ് രജിസ്ട്രഷനും വെരിഫിക്കേഷനും :**02/06/2018 മുതൽ 13/06/2018**

| | | |
|---|---|---|
| ഓൺ ലൈൻ രജിസ്ട്രേഷൻ ആരംഭിക്കേണ്ട തീയതി | : | **14/06/2018** |
| അപേക്ഷ സമർപ്പിക്കേണ്ട അവസ്സാന തീയതി | : | **18/06/2018** |
| സ്പോർട്ട്സ് ക്വാട്ടസപ്ലിമെൻററിഅലോട്ട്മെൻറ് തീയതി | : | **19/06/2018** |

സ്പോർട്ട്സ് ക്വാട്ടഅവസ്സാനപ്രവേശന തീയതി : 20/06/2018

## കമ്മ്യൂണിറ്റി ക്വാട്ട അഡ്മിഷൻ

**1.മുഖ്യഘട്ടം**

കമ്മ്യൂണിറ്റി ഡാറ്റ എൻട്രി ആരംഭിക്കുന്ന തീയതി : **28/05/2018**

കമ്മ്യൂണിറ്റി ഡാറ്റ എൻട്രി പൂർത്തീകരിക്കേണ്ടതീയതി : **11/06/2018**

റാങ്ക് ലിസ്റ്റ്/സെലക്ട് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്ന തീയതി : **11/06/2018**

അഡ്മിഷൻ ആരംഭിക്കുന്ന തീയതി : **11/06/2018**
മുതൽ

**2.സപ്ലിമെൻററി ഘട്ടം**

കമ്മ്യൂണിറ്റി ഡാറ്റ എൻട്രി ആരംഭിക്കുന്ന തീയതി : **18/06/2018**

കമ്മ്യൂണിറ്റി ഡാറ്റ എൻട്രി പൂർത്തീകരിക്കേണ്ടതീയതി : **27/06/2018**

റാങ്ക് ലിസ്റ്റ്/സെലക്ട് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്ന തീയതി : **28/06/2018**

അഡ്മിഷൻ ആരംഭിക്കുന്ന തീയതി : **28/06/2018**
മുതൽ

പ്രവേശനം അവസാനിപ്പിക്കേണ്ട തീയതി : **02/07/2018**

## മാനേജ്മെൻറ് / അൺ-എയ്ഡഡ് മാനേജ്മെൻറ് ക്വാട്ട അഡ്മിഷൻ

**1.മുഖ്യഘട്ടം**

പ്രവേശനം ആരംഭിക്കുന്ന തീയതി : **04/06/2018**
പ്രവേശനം അവസാനിപ്പിക്കുന്ന തീയതി : **12/06/2018**

പ്രവേശനം നൽകിയ വിദ്യാർത്ഥികളുടെ ഓൺലൈൻ രജിസ്ടേഷൻ : **04/06/2018 മുതൽ 12/06/2018 വരെ**

**2.സപ്ലിമെൻററി ഘട്ടം**

പ്രവേശനം ആരംഭിക്കുന്ന തീയതി : **21/06/2018**
പ്രവേശനം അവസാനിപ്പിക്കുന്ന തീയതി : **11/07/2018**

പ്രവേശനം നൽകിയ വിദ്യാർത്ഥികളുടെ ഓൺലൈൻ രജിസ്ടേഷൻ : **21/09/2018 മുതൽ 11/07/2018 വരെ**

അലോട്ട്മെന്റ് ലഭിച്ചവർക്കും വെയിറ്റിങ് ലിസ്റ്റിലുള്ളവർക്കും എല്ലാ ഘട്ടത്തിലും തങ്ങളുടെയും മറ്റുള്ളവരുടെയും റാങ്ക് വിവരങ്ങൾ പരിശോധിക്കാവുന്നതാണ്. ഓരോ അലോട്ട്മെന്റിന് ശേഷവും ഓരോ സ്കൂളിലും അലോട്ട് ചെയ്ത വിവിധ കാറ്റഗറികളിലെ അവസാന റാങ്കുകാരുടെ വിശദാംശങ്ങളും അപേക്ഷകർക്ക് പരിശോധിക്കാം. എല്ലാ ഘട്ടത്തിലും സുതാര്യത നിലനിർത്തിയാണ് ഏകജാലകപ്രക്രിയ നടത്തുന്നത്. വിദ്യാർത്ഥികൾ പ്രവേശനരീതിയുടെ എല്ലാ ഗുണഫലങ്ങളും പ്രയോജനപ്പെടുത്താൻ ശ്രമിക്കണം.